# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1132 — 04.12.2014 ൽ മറുപടിക്ക്

### സ്കൂൾ യുവജനോൽസവങ്ങളിലെ പശ്ചാത്തല സംഗീതവാദനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. തിലോത്തമൻ | | ശ്രീ.പി.കെ.അബ്ദു റബ്ബ് ( വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | സ്കൂൾ യുവജനോൽസവങ്ങളിൽ വിദ്യാർത്ഥികളുടെ മത്സരങ്ങൾക്ക് പശ്ചാത്തലവാദ്യങ്ങൾ കുട്ടികൾ തന്നെ കൈകാര്യം ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. പശ്ചാത്തല വാദ്യങ്ങൾ കൈകാര്യം ചെയ്യുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വേണ്ടിയാണ് പശ്ചാത്തലവാദ്യങ്ങൾ കുട്ടികൾ തന്നെ കൈകാര്യം ചെയ്യണമെന്ന് തീരുമാനിച്ചത്. |
| (ബി) | സ്കൂളുകളിൽ പശ്ചാത്തല വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ കിട്ടാതെ വരുമ്പോൾ കലാപരിപാടികൾ അവതരിപ്പിക്കുവാൻ കഴിവുള്ള കുട്ടികൾക്ക് മത്സരിക്കുവാൻ കഴിയാതെ വരുന്നതും അഥവാ മത്സരിച്ചാൽ വാദ്യോപകരണങ്ങൾ ഇല്ലാത്തതിനാൽ പോയിന്റുകൾ നഷ്ടമാകുന്നതും പോരായ്മ യാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; | (ബി) | പശ്ചാത്തലവാദ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ കിട്ടാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (സി) | വാദ്യോപകരണങ്ങൾ വായിക്കാൻ സ്കൂളിൽ കുട്ടികൾ ഇല്ലാതെ വന്നാൽ റിക്കോർഡ് ചെയ്ത പശ്ചാത്തല വാദ്യത്തിന്റെ സഹായത്തോടെ കഥാപ്രസംഗം പോലുള്ള കലാരൂപങ്ങൾ അവതരിപ്പിക്കാൻ അനുവാദം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | സ്കൂൾ കലോൽസവ മാന്വൽ പരിഷ്കരണ വേളയിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ